**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.657 05.06.2018-ലെ മറുപടിയ്ക്ക്

## ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി.പി.അയിഷാ പോറ്റി** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഓപ്പറേഷൻ ഒളിമ്പിയ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) | 2020, 2024-ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുത്ത 11 (പതിനൊന്ന്) കായിക ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനു ആവിഷ്കരിച്ച പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി ". അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ (ഷട്ടിൽ), കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ കായികയിനങ്ങളെയാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br>അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ് എന്നീ ഇനങ്ങൾക്ക് തിരുവനന്തപുരത്തും, ബാഡ്മിന്റണിന് എറണാകുളത്തും കനോയിംഗ് & കയാക്കിംഗിന് കൊല്ലത്തും ഫെൻസിംഗിന് കണ്ണൂരും റോവിംഗിന് ആലപ്പുഴയും ആർച്ചറിക്ക് വയനാട്ടിലുമാണ് പരിശീലന കേന്ദ്രങ്ങൾ ആരംഭിയ്ക്കുവാൻ ഉദ്ദേശിക്കുന്നത്. 11 കായിക ഇനങ്ങളിലായി ഏകദേശം 210 കായിക താരങ്ങൾക്ക് പരിശീലനം നൽകുവാനാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | പദ്ധതിയുടെ ഭാഗമായുള്ള കായികതാരങ്ങളുടെ തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർത്തീകരിച്ചോ; തിരഞ്ഞെടുക്കപ്പെടുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ നൽകുമോ? | (ബി) | അന്തർദേശീയ, ദേശീയ, സംസ്ഥാന മത്സരങ്ങളിലെ പ്രകടനങ്ങളുടെ അടിസ്ഥാനത്തിലും കായിക ക്ഷമതയുടെ അടിസ്ഥാനത്തിലും, അതാത് കായിക അസോസിയേഷനുകൾ മുഖേനയാണ് കായിക താരങ്ങളെ തെരഞ്ഞെടുക്കുന്നത്. പദ്ധതിയിലേക്ക് ബന്ധപ്പെട്ട കായിക അസോസിയേഷനുകൾ തെരഞ്ഞെടുത്ത കായിക താരങ്ങളുടെ ലിസ്റ്റ് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ ലഭ്യമായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**